Client : Bangalore Nano 2008

Lead : Nanotechnology For good

Publication : Mathrubhumi

Date : 14 Dec 2008

Section : Pg - 3

Method : Conference

# നാനോടെക്നോളജി ജനത്തിന് ഗുണകരമാവണം- ഉപരാഷ്ട്രപതി

**ബാംഗ്ലൂർ:** രാജ്യത്തെ കാർഷിക മേഖലയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിന് ഉപയോഗയോഗ്യമാക്കിക്കൊണ്ട് നാനോ ടെക്നോളജി ജനത്തിന് ഗുണകരമാക്കണമെന്ന് ഉപരാഷ്ട്രപതി ഹമീദ് അൻസാരി അഭിപ്രായപ്പെട്ടു. 'ബാംഗ്ലൂർ നാനോ കോൺഫറൻസ്-2008' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നമ്മുടെ ജനസംഖ്യയിൽ നല്ലൊരു ഭാഗവും കൃഷിയെ ആശ്രയിക്കുന്നവരാണ്. കാർഷിക മേഖലയുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഉപയുക്തമാക്കിക്കൊണ്ടും നാനോ ടെക്നോളജിയുടെ ഫലങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കണം. പരിസ്ഥിതി, ആരോഗ്യം എന്നിവയിലും ഈ സാങ്കേതികവിദ്യ ഉപകാരപ്പെടുമോയെന്ന് പരിശോധിക്കണം. അങ്ങനെയെങ്കിൽ പൊതുസമൂഹത്തിന്റെ ഉന്നമനത്തിന് ഐ.ടി നൽകുന്നതിനെക്കാൾ കൂടുതൽ സംഭാവനകൾ നാനോടെക്നോളജിക്ക് നൽകാൻ കഴിയും- ഉപരാഷ്ട്രപതി പറഞ്ഞു.

ബാംഗ്ലൂരിൽ നാനോ സയൻസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതായും രണ്ടുമാസത്തിനകം ഇൻസ്റ്റിറ്റ്യൂട്ട് നിർമാണം തുടങ്ങുമെന്നും കോൺഫറൻസിൽ മുഖ്യ പ്രഭാഷണം നടത്തിയ പ്രധാനമന്ത്രിയുടെ ശാസ്ത്രോപദേശക സമിതി അധ്യക്ഷനും പ്രമുഖ ശാസ്ത്രജ്ഞനുമായ പ്രൊഫ. സി.എൻ.ആർ. റാവു അറിയിച്ചു. നൂറുകോടി രൂപ മുതൽമുടക്കിലാവും ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുതുടങ്ങുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




**ബാംഗ്ലൂർ നാനോ ഉപരാഷ്ട്രപതി ഹമീദ് അൻസാരി ഉദ്ഘാടനം ചെയ്യുന്നു. ശാസ്ത്രജ്ഞൻ സി.എൻ.ആർ. റാവു, ഗവർണർ രാമേശ്വർ താക്കൂർ, ആഭ്യന്തരമന്ത്രി വി.എസ്. ആചാര്യ, ചീഫ് സെക്രട്ടറി സുധാകർ റാവു എന്നിവർ സമീപം**